(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന ഇന്ധനക്ഷാമം കണക്കിലെടുത്ത് അപേക്ഷിച്ചിട്ടുള്ളവർക്കെല്ലാം സമയബന്ധിതമായി മണ്ണെണ്ണ പെർമിറ്റ് കൊടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാല് ലക്ഷത്തിലേറെ കുടുംബങ്ങൾക്ക് മണ്ണെണ്ണ പെർമിറ്റ് നൽകിയിട്ടുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ 10,76,699 ഗാർഹിക പെർമിറ്റുകൾ ഉണ്ട്.

(ബി)&(സി) ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള എല്ലാ കുടുംബങ്ങൾക്കും പെർമിറ്റ് നൽകണമെന്ന് ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായാണ് 4 ലക്ഷം പെർമിറ്റുകൾ നറുക്കെടുപ്പിലൂടെ നൽകിയത്. രണ്ടാം ഘട്ടമായി 2 ലക്ഷം പെർമിറ്റുകൾ നൽകുന്ന പ്രക്രിയ ആരംഭിച്ചുകഴിഞ്ഞു. ശേഷിക്കുന്ന അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും ഇതുപോലെ സമയബന്ധിതമായിത്തന്നെ പെർമിറ്റ് നൽകുന്നതാണ്.

82 (708) റേഷൻ കടകളിലൂടെ ചെലവായ അരി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

1992 മുതൽ 1999 വരെ ഒരു വർഷം ശരാശരി എത്ര ടൺ റേഷൻ അരി റേഷൻ കടകളിലൂടെ ചെലവായിട്ടുണ്ട്; ഇതിന്റെ വിശദ കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

1992 മുതൽ 1999 വരെ റേഷൻ കടകളിലൂടെ ഒരു വർഷം ശരാശരി ചെലവായ അരിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1992	-	1937426 ടൺ
1993	-	1770662 ടൺ
1994	-	1024539 ടൺ
1995	-	1015800 ടൺ
1996	-	1484145 ടൺ
1997	-	1609049 ടൺ
1998	-	1646202 ടൺ
1999 (ഏപ്രിൽ വരെ)	-	757524 ടൺ

83 (709) പച്ചരി ക്ഷാമം

ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പച്ചരിയുടെ ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly